മഹാത്മാഗാന്ധിയുടെ മെമ്മോറിയലും പ്രതിമയും ഇർവിംഗിൽ അനാഛാദനം ചെയ്തു.



ഇർവിംഗ്: ഇന്ത്യയുടെ രാഷ്ട്രപിതാവ് മഹാത്മഗാന്ധിയുടെ മെമ്മോറിയലിൻെറ ഉദ്ഘാടനവും പ്രതിമയുടെ അനാഛാദനവും ഇർവിംഗിലെ ജെഫേഴ്സൺ പാർക്കിൽ ഒക്ടോബർ 2–ന് ഗാന്ധി ജയന്തി ദിനത്തിൽ വൈകിട്ട് 4:30 നടത്തപ്പെട്ടു.

നെൽസൺ മണ്ഡേലയുടെ പൗത്രൻ ഡാബാ മണ്ഡേല മുഖ്യാതിഥിയായിരുന്നു. മാർട്ടിൻ ലൂഥർ കിംഗിൻെറ കുടുംബത്തെ പ്രതിനിധീകരിച്ച് റവ. ജെറോം ലെഡോക്സ്, ഹൂസ്റ്റണിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ പി. ഹരീഷ്, ഇർവിംഗ് സിററി മേയർ ബെത്ത് വാൻ ഡ്യൂയ്നി, സേവാഗ്രാം സബർമതി ആശ്രമത്തെ പ്രതിനിധീകരിച്ച് ശ്രീ പ്രസാദ് ഗൊലാനപള്ളി എന്നിവർ ആശംസകളർപ്പിച്ചു.

ഇർവിംഗ് സിററിയിലെയും ഇന്ത്യൻ കോൺസുലേറ്റിലെയും ഉന്നത ഉദ്യോഗസ്ഥരും വിവിധ മത നേതാക്കളും ഡാളസ് ഫോർട്ട് വർത്ത് പ്രദേശത്തെ എഴുപത്തഞ്ചിലധികം ഇൻഡ്യൻ സാംസ്ക്കാരിക സംഘടനകളുടെ പ്രതിനിധികളും പൊതുജനങ്ങളും അഭിമാനകരമായ ഈ മുഹൂർത്തത്തിന് സാക്ഷ്യം വഹിക്കുവാൻ എത്തിയിരുന്നു.

ഇൻഡ്യൻ അമേരിക്കൻ ഫ്രണ്ട്ഷിപ്പ് കൗൺസിലും ഇൻഡ്യ അസോസിയേഷനും സംയുക്തമായി ചേർന്നു രൂപീകരിച്ച മഹാത്മഗാന്ധി മെമ്മോറിയൽ ഓഫ് നോർത്ത് ടെക്സാസ് എന്ന സംഘടനയാണ് ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയത്. മഹാത്മഗാന്ധി മെമ്മോറിയൽ കമ്മററിയുടെ ചെയർമാനായി ശ്രീ പ്രസാദ് തോട്ടക്കുറ പ്രവർത്തിച്ചു.

7 അടി ഉയരമുള്ള വെങ്കലത്തിൽ തീർത്ത ഗാന്ധിജിയുടെ പ്രതിമയും മഹാത്മാവിൻെറ വാക്കുകൾ എഴുതി ചേർത്ത ഗ്രാനൈറ്റ് ഫലകവും ഗാന്ധിപാർക്കിൽ സ്ഥാപിച്ചിട്ടുണ്ട്. പ്രതിമ സ്ഥാപിക്കുവാനുള്ള സ്ഥലം ഇർവിംഗ് സിററി സൗജന്യമായി നൽകി. ഡാളസിലെ ഇൻഡ്യൻ വംശജരുടെ ചിരകാലാഭിലാഷം പൂർത്തീകരിക്കുവാൻ സഹായിച്ച ഇർവിംഗ് സിററി കൗൺസിലിനെ യോഗം അനുമോദിച്ചു.

എല്ലാ വർഷവും ഇൻഡ്യൻ റിപ്പബ്ളിക്ക് ദിനം ഗാന്ധിജയന്തി ദിനം ഇവയോടനുബന്ധിച്ച് മഹാത്മഗാന്ധി മെമ്മോറിയലിൽ പരിപാടികളും പദയാത്രയും ക്രമീകരിക്കുന്ന തായിരിക്കും.

റിപ്പോർട്ട്: ആൻഡ്രൂസ് അഞ്ചേരി